// THE BIBLE TRUTH

**Editors**

P.K. VARGHESE | J.C. CHOATE

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 20 | December 2007 | No.9

# എഡിറ്റോറിയൽ

സമൂഹം ഇന്നു നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി അതിക്രമം ആണ്. ജാതിമത വ്യത്യാസമില്ലാതെ എല്ലാ മനുഷ്യരും ഇതിനിരയാകുന്നുണ്ട്. വർഗ്ഗീയ വിദ്വേഷമോ രാഷ്ട്രീയ വൈരാഗ്യമോ അതുമല്ലെങ്കിൽ വ്യക്തി വൈരാഗ്യമോ ആകാം കാരണം. കാരണം എന്തായാലും വൈകാരികമായി മനുഷ്യൻ അധഃപ്പതിക്കുന്ന ലക്ഷണമാണ് ഇത്. മറ്റു പല രീതിയിലും ആധുനികതയിലേക്കു കുതിക്കുന്ന മനുഷ്യരെ ഈ പ്രവണത നശീകരണത്തിൽ കലാശിക്കുന്നു. തങ്ങൾ ഇഷ്ടപ്പെടാത്ത കാര്യങ്ങളെ എതിർക്കുകയും വിമർശിക്കുകയും ചെയ്യുന്നതു നമുക്കു മനസ്സിലാക്കാം. പക്ഷെ അതിരു കടന്നുള്ള പ്രതികാരം. മനുഷ്യരുടെ ജീവനെത്തന്നെ ഇല്ലാതാക്കുന്ന അവസ്ഥ ഇന്നു വർദ്ധിച്ചു വരികയാണ്. എല്ലാ രാജ്യങ്ങളിലും ഇത് നടക്കുന്നുണ്ട്. ഇതിനുവേണ്ടി ആളുകൾ സംഘടിക്കുകയും പൊരുതുകയും ചെയ്യുന്നു. അക്രമത്തിലൂടെ കാര്യം കാണാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ലക്ഷ്യം കൈവരിക്കുവാൻ എന്തും ചെയ്യും. ഇതിന്റെ അടിസ്ഥാനമായ കാരണവും അതില്ലാതാക്കുവാനുള്ള പ്രതിവിധിയും നാം കണ്ടെത്തണം. നിയമം കർക്കശമാക്കുകയാണ് രാഷ്ട്രീയ പരിഹാരം. അതു എന്നേക്കുമുള്ള പരിഹാരം ആകുന്നില്ല. ഇവരെ ഇങ്ങനെ ആക്കിയ ചിലരുണ്ട്. ആ സാഹചര്യം ഒഴിവാക്കുകയാണ് ആവശ്യം.

പ്രാരംഭ മനുഷ്യരിലും അക്രമവാസന കാണപ്പെട്ടിരുന്നു. കയ്യീൻ തന്റെ സ്വന്ത സഹോദരനെ കൊന്നതു അസൂയയും പകയും നിമിത്തമായിരുന്നു. മറ്റൊരാൾക്കു അനുഗ്രഹം ലഭിക്കുകയും തനിക്കതു ലഭിക്കാതിരിക്കയും ചെയ്തതിൽ അസന്തുഷ്ടനായതു കൊണ്ടാണ് അവൻ അതു ചെയ്തതു. പക്ഷെ അതിന്റെ അനന്തരഫലം പരിതാപകരമായിത്തീർന്നു. കുറ്റബോധം അവനെ വേട്ടയാടിക്കൊണ്ടിരുന്നു. ഇന്നു തുടരെ തുടരെ തെറ്റു ചെയ്തു കഴിയുമ്പോൾ മനുഷ്യരുടെ ഹൃദയം കഠിനപ്പെടും. ബാല്യം മുതൽ ചിലർക്കു സ്നേഹമോ അംഗീകാരമോ ലഭിക്കാതെ വരുമ്പോൾ അവരിൽ വെറുപ്പും വിദ്വേഷവും വളരും. എന്തിനേയും എതിർക്കും. പകയും വെറുപ്പും വളർന്നു അതു ആരിലും പ്രകടിപ്പിക്കാൻ ശ്രമിക്കും. മനസ്സിനെ നേരായ പാതയിൽ നിർത്തുവാൻ, നിയന്ത്രിക്കുവാൻ അവർ ശീലിച്ചിട്ടില്ല. സദൃശവാക്യങ്ങളിൽ നമുക്കു തരുന്ന ബുദ്ധിയുപദേശം എന്തെന്നാൽ ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; വൃദ്ധനായാലും അതു വിട്ടുമാറുകയില്ല. ബാല്യത്തിലാണ് മനസിനെ സത്യപാതയിൽ സഞ്ചരിക്കേണ്ടതിനു പ്രബോധിപ്പിക്കേണ്ടതു. അവർക്കു കാണിച്ചുകൊടുക്കേണ്ടതു നീതി വഴിയാണ്. നിഷേധസ്വഭാവം അവരിൽ വളരാതെ ക്രിയാത്മകമായ വാസന വളർത്തുവാൻ പ്രോത്സാഹിപ്പിക്കണം. അതു മാതാപിതാക്കളുടേയും അദ്ധ്യാപകരുടേയും കടമയാണ്.

പ്രായപൂർത്തിയായ ശേഷം അവർ നന്നായിക്കൊള്ളും എന്നു വിചാരിച്ചു കുട്ടികളെ ശാസിക്കയോ, വഴക്കു പറയുകയോ ചെയ്യാത്ത രക്ഷകർത്താക്കളുണ്ട്. അവർ തങ്ങളുടെ കുട്ടികളെ സ്നേഹിക്കുകയല്ല, നശിപ്പിക്കുകയാണ് ചെയ്യുന്നത്. വളർന്നുകഴിഞ്ഞാൽ അവരെ നന്നാക്കാമെന്നു ഒരിക്കലും വിചാരിക്കരുത്. ഒരു തൈ ആണെങ്കിൽ നമുക്ക് കയ്യിൽ ഒതുക്കാം; വൃക്ഷമായാൽ സാദ്ധ്യമല്ല. അതുകൊണ്ടു കുട്ടികളെ നന്നാക്കുവാൻ പറ്റും; പ്രായമായവരെ സാദ്ധ്യമല്ല. അക്രമം ഒന്നിനും പരിഹാരമല്ല. അക്രമം കൊണ്ടു സമൂഹം നന്നാക്കാമെന്നോ, സമൂഹത്തിൽ നീതിപുലർത്താമെന്നോ കരുതരുത്. അതു നടക്കുകയില്ല. അതു സ്വനാശത്തിലേക്കാണ് എത്തുക. താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീഴും. വാൾ എടുക്കുന്നവൻ വാളാൽ. ആളു

കൾ ആളുകളെ സ്നേഹിക്കണം. സമാധാനത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുവാൻ തയ്യാറാകണം. വിട്ടുവീഴ്ച്ച, അന്യോന്യം ഉണ്ടാകേണ്ട ക്ഷമ ഇതെല്ലാം നഷ്ടപ്പെടുത്തുമ്പോൾ നമ്മിൽ നിന്നു സമാധാനം പൊയ്പ്പോകും. സത്യവും നീതിയും ന്യായവും നമ്മുടെ ജീവിതത്തിലുണ്ടാകണം എന്ന ബോധമാണ് എല്ലാവരും പ്രായപൂർത്തിയിലെത്തുമ്പോൾ ഉണ്ടാകേണ്ടതു കഷ്ടനഷ്ടങ്ങൾ ജീവിതത്തിൽ സഹിക്കുവാൻ കഴിയണം. ഒരാൾ മറ്റൊരാളുടെ വസ്തുവോ പണമോ അപഹരിച്ചെടുത്താൽ അല്പം കഷ്ടം നേരിടുന്ന വ്യക്തി പ്രതികാരത്തിന്നു പോകാതെ നിയമം അനുശാസിക്കുന്ന രീതിയിൽ പരിരക്ഷക്കു പോകാം. അതല്ലാതെയുള്ള സ്വയം നീതി നടപ്പാക്കുന്നതു ആ വ്യക്തിക്കു തന്നെ ദോഷം സംഭവിക്കും.

പുതുവർഷത്തിലേക്കു പ്രവേശിച്ചിരിക്കുന്ന നാം എല്ലാവരും പുതിയ തീരുമാനം എടുക്കണം. ഇനി മുതൽ നമ്മുടെ സമൂഹത്തിലോ, സഭയിലോ, കുടുംബത്തിലോ യാതൊരു അക്രമവും ഉണ്ടാകാതിരിപ്പാൻ നാം ദൈവ നിയമത്തിനു കീഴ്പ്പെട്ടു ജീവിക്കും എന്ന ഒരു ഉറച്ച തീരുമാനം എടുക്കണം. പുതിയ നിയമത്തിൽ കർത്താവു സർവ്വജനത്തിനും സന്തോഷവും സമാധാനവും ഉണ്ടാകുവാൻ തന്നിരിക്കുന്നതു സത്യസുവിശേഷം ആണ്. നിങ്ങൾക്കു ക്രിസ്തുവിൽ വിശ്വാസമുണ്ടോ? പാപികൾക്കുവേണ്ടി പരിഹാരം ഉണ്ടാക്കിയതു കർത്താവു മാത്രമാണ്. അവൻ ഇന്നും മനുഷ്യരോടു ആവശ്യപ്പെടുന്നതു സത്യവചനം വിശ്വസിച്ചു അനുസരിക്കുവാനാണ്. നിങ്ങൾ ഇന്നു തന്നെ ക്രിസ്തു കല്പിച്ചതായ കല്പനകൾ അനുസരിച്ചു രക്ഷ പ്രാപിക്കുക. മനുഷ്യ കല്പനകൾ അല്ല, പാരമ്പര്യ ആചാരങ്ങൾ അല്ല മനുഷ്യരെ ഇന്നു രക്ഷിക്കുന്നതു. ദൈവ വചനമാണ് സകല മനുഷ്യർക്കും ദൈവം വെച്ചിരിക്കുന്നത്. ഇന്നു ലോകത്തിലുള്ള മത ചടങ്ങുകളേക്കാൾ രക്ഷിക്കുന്ന ദൈവ വചനം നിങ്ങൾ വിശ്വസിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ വിശ്വസിക്കുവാൻ ബൈബിൾ വായിച്ചു ഗ്രഹിക്കുക. തുടർന്നു കർത്താവിന്റെ സഭയിൽ ദൈവത്തെ സ്നേഹിച്ചും സേവിച്ചും ആരാധിച്ചും വിശ്വസ്തമായി ജീവിക്കുക. സകല മനുഷ്യരോടും സമാധാനം ആചരിക്കുക. അങ്ങനെ പുതുവർഷം നന്മ നിറഞ്ഞ ഒരു വർഷമായിത്തീരട്ടെ എന്നു ആശംസിക്കുന്നു.

കാലം കാൺമാൻ ഇച്ഛിക്കുകയും ചെയ്യുന്നവന് ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ തന്റെ അധരത്തെയും അടക്കികൊള്ളട്ടെ. അവൻ ദോഷം വിട്ടകന്നു ഗുണം ചെയ്യുകയും സമാധാനം അന്വേഷിച്ചു പിൻതുടരുകയും ചെയ്യട്ടെ (1 പത്രൊസ് 3:8-11). ഇങ്ങനെ നമുക്ക് തുടർന്നുകൊണ്ടിരിക്കാം, അങ്ങനെ ക്രിസ്തുവിന്റെ ഉപദേശവും തത്വവും ആളുകൾക്ക് നല്കിയിരിക്കുന്നത് അങ്ങനെതന്നെ സ്വീകരിക്കുകയും ചെയ്താൽ മനുഷ്യർക്ക് അന്യോന്യം ബന്ധപ്പെട്ട ജീവിതം ഭദ്രമാക്കാം.

## സ്വർഗ്ഗത്തിലേക്കുള്ള നമ്മുടെ ഏകആശ്രയവും സഹായവും ബൈബിൾ ആയിരിക്കണം

**ബോബ് .ബി**

ഏറ്റവും നല്ല ആശയവിനിമയ രൂപം എഴുതപ്പെട്ട വചനമാണ്. മനുഷ്യനിർമ്മിതമായ പുസ്തകങ്ങളേക്കാൾ ചരിത്രത്തിൽ പരിശോധിക്കപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്ത ഗ്രന്ഥം ബൈബിൾ അല്ലാതെ മറ്റൊന്നുമല്ല. അനേകം പേർ എന്നോട് "ആരാണ് ബൈബിൾ എഴുതിയത്?" എന്നു ചോദിച്ചിട്ടുണ്ട്. അതു മനുഷ്യർ എഴുതിയതാണോ അതോ ദൈവത്താൽ എഴുതപ്പെട്ടതാണോ? വസ്തുതകൾ പരിശോധിക്കേണ്ടതും അതിലെ എഴുത്തുകാരുടെ അവകാശങ്ങൾ പര്യവേഷണം നടത്തേണ്ടതുമാണ്. ഏത് മേഖലയിൽ ആയാലും, ശാസ്ത്രത്തിലോ ചരിത്രത്തിലോ രാഷ്ട്രീയത്തിലോ ആയാലും അതു വാസ്തവമാണ്.

ഉദാഹരണമായി ഭൂമി ഉരുണ്ടതാണെന്നും അതു സെക്കന്റിൽ പന്ത്രണ്ടു മൈൽ ചുറ്റുന്നു എന്നും തെളിയിക്കപ്പെട്ടിരിക്കുന്നു. ആ തെളിവുകൾ ഭൗതികമാണ്. എങ്കിലും അനേക സിദ്ധാന്തങ്ങൾ, ചിലത് വിഡ്ഢിത്തമായി പ്രചരിക്കപ്പെട്ടിരിക്കുന്നു. ദൈവവചന വിവരണങ്ങളെ ഭൗതികമായ രീതിയിൽ തെളിയിക്കുവാനല്ല ശ്രമിക്കേണ്ടത് എന്നാൽ സത്യമായ ശാസ്ത്രം ബൈബിളിലൂടെ തെളിയിക്കപ്പെട്ടതാണ്. "അവൻ ഭൂമിയെ നാസ്തിത്വത്തിന്മേൽ നിർത്തിയിരിക്കുന്നു" (ഇയ്യോബ് 26:7). "അവൻ ഭൂമണ്ഡലത്തിന്മേൽ വസിക്കുന്നു" (യെശ

യ്യാവ് 40:22). ഇത് എഴുതപ്പെട്ട് എത്രയോ വർഷങ്ങൾക്ക് ശേഷമാണ് മനുഷ്യൻ ഈ യാഥാർത്ഥ്യം മനസ്സിലാക്കിയത്.

പഴയനിയമവും പുതിയനിയമവും എഴുതപ്പെട്ട ശേഷം, മനുഷ്യൻ വിചാരിച്ചിരുന്നത് രോഗം വരുവാനുള്ള കാരണം ദുരാത്മാക്കൾ ആണ് എന്നായിരുന്നു. എന്നാൽ ബൈബിൾ തിരിച്ചറിയിക്കുന്നത് മൃഗങ്ങളിലും അവയുടെ ശരീരത്തിൽ രോഗം ഉണ്ട് എന്നാണ്. അതുകൊണ്ട് ശരിയായി പാചകം ചെയ്യാത്ത മാംസം ഭക്ഷിച്ചാൽ ആ രോഗം മനുഷ്യന് പകരും (ലേവ്യാ പുസ്തകം 11). പകർച്ചവ്യാധികളുടെ ലക്ഷണങ്ങളും ബൈബിളിലിൽ പറഞ്ഞിട്ടുണ്ട് (ലേവ്യാ പുസ്തകം 13:4- 46). ഇവയെല്ലാം ആളുകൾ വായിച്ചു മനസ്സിലാക്കിയതു കൊണ്ട് കൂടുതൽ വായിക്കുവാൻ പ്രചോദിക്കപ്പെടുകയും ചെയ്തു. എഴുതപ്പെട്ട ആശയവിനിമയം സൂക്ഷിക്കുകയും അത് അങ്ങനെതന്നെ കൈമാറുകയും ചെയ്യുമ്പോൾ അതിന്റെ മൂല്യത്തിന് കോട്ടം സംഭവിക്കുന്നില്ല. ബൈബിൾ അവകാശപ്പെടുകമാത്രമല്ല അവ സത്യമാണ് എന്നുള്ളതിന്റെ തെളിവുകളും ബോധ്യപ്പെടുത്തുന്നു (സങ്കീർത്തനങ്ങൾ 12:6, 7; 2തിമൊഥെയൊസ് 3:16).

ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട സംഭവം, ലോകത്തിൽ മിക്കവരും തൃജിച്ചു എങ്കിലും, അതു സംഭവിക്കുന്നതിനു നൂറുകണക്കിനു വർഷങ്ങൾക്കു മുമ്പ് യെശയ്യാവ് പറഞ്ഞിരുന്നു, "അതുകൊണ്ട് കർത്താവു തന്നെ നിങ്ങൾക്കു ഒരു അടയാളം തരും, കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന് ഇമ്മാനുവേൽ എന്നു പേർ വിളിക്കും." "നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു, നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു, ആധിപത്യം അവന്റെ തോളിൽ ഇരിക്കും, അവനു അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാന പ്രഭു എന്നീ പേർ വിളിക്കപ്പെടുന്നു" (യെശയ്യാവ് 9:6, 7). ഇത് യേശുവിന്റെ കന്യകാ ജനനത്തിലൂടെ സംഭവിക്കയുണ്ടായി. യേശുവിന്റെ ജീവിതത്തിൽ സംഭവിച്ച കാര്യങ്ങളിൽ ധാരാളം മുൻകൂട്ടി അറിയിച്ചിട്ടുള്ളതാണ്. അവന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയും മുന്നറിയിക്കപ്പെട്ട വസ്തുതകളായിരുന്നു.

ഈ സംഭവങ്ങളുടെ എല്ലാം പ്രത്യേകത അവ സംഭവിക്കുന്നതിന് വളരെ വർഷങ്ങൾക്ക് മുൻപ് തന്നെ പ്രവചിച്ചിരുന്നു എന്ന

താണ് ഇതു തെളിയിക്കുന്നത് ബൈബിൾ ദൈവശ്വാസീയമായി എഴുതപ്പെട്ടു എന്നാണ്. അതിനർത്ഥം മനുഷ്യരുടെ ബുദ്ധിയാലോ ജ്ഞാനത്താലോ ഉണ്ടായതല്ല ഈ എഴുത്തുകൾ.

## ആരംഭ എഴുത്തുകളും തർജ്ജിമകളും

നാം ജീവിക്കുന്ന ഈ കാലയളവിൽ തർജ്ജിമകൾ എഴുതുക എന്നത് കയ്യെഴുത്തു പ്രതികളുടെ ലഭ്യതയും അതിന്റെ ആധികാരികതയും അനുസരിച്ചായിരിക്കും. എബ്രായർ ഭാഷയിലും ഗ്രീക്കു ഭാഷയിലും പാണ്ഡിത്യം നേടിയവർ ആ തർജ്ജിമകൾ പ്രാരംഭത്തിൽ എഴുതപ്പെട്ട കയ്യെഴുത്തു പ്രതികളുമായി താരതമ്യം ചെയ്ത് അർത്ഥ വ്യത്യാസം ഇല്ലാതെ സന്ദേശം ബോധ്യപ്പെടുത്തിയിട്ടുണ്ട്. 1940 കളിലാണ് ചാവുകടൽ ചുരുളുകൾ കണ്ടെത്തിയത്. അതിൽ യെശയ്യാവിന്റെ പുസ്തകം മുഴുവനും ഉൾപ്പെട്ടിരുന്നു. എബ്രായർ പണ്ഡിതന്മാർ ഇത് ഒരു നല്ല അവസരമായി കണ്ട് അതിൽ നിന്ന് ശ്രദ്ധാപൂർവ്വം പരിശോധിച്ചു കയ്യെഴുത്തു പ്രതികളിലെ വസ്തുതകൾ സത്യമാണെന്ന് ബോധ്യപ്പെട്ടു.

ദൈവം തന്റെ വചനം ഒരിക്കലും ഉതിർന്നു പോകുകയില്ല എന്നും അത് എന്നേക്കും നിലനില്ക്കുമെന്നും അരുളി ചെയ്തിരുന്നു. (സങ്കീർത്തനങ്ങൾ 119:160; യെശയ്യാവ് 40:8). കൂടാതെ നമ്മെ അറിയിച്ചിരിക്കുന്നത് നമ്മുടെ ജീവനും ഭക്തിക്കും വേണ്ടിയതൊക്കെയും ഇതിൽ ദൈവം ഉൾപ്പെടുത്തിയിരിക്കുന്നു (2 പത്രൊസ്1:3). തിരുവെഴുത്തുകൾ എല്ലാം തന്നെ എഴുതപ്പെട്ടിരിക്കുന്നതിന്റെ ഉദേശം നമുക്ക് വിശ്വാസം ഉണ്ടാകേണ്ടതിനും വിശ്വസിച്ചിട്ട് നിത്യജീവൻ പ്രാപിക്കേണ്ടതിനും തന്നെ. നാം ചെയ്ത പ്രവൃത്തികൾക്കെല്ലാം ഒരിക്കൽ കണക്കു ബോധിപ്പിക്കേണ്ടവരാണ്. അതു കർത്താവായ യേശുക്രിസ്തുവിനോടാണ്. അന്ത്യ നാളിൽ അവനാണ് ന്യായവിധി നടത്തുന്നത്.

## ചിലർ വചനത്തിൽ നിന്നു വിട്ടകലും

ദൈവം തന്റെ വചനം ഒരിക്കലായി എന്നേക്കും വെളിപ്പെടുത്തി തന്നു ഭാവികാലത്ത് ചിലർ ദുരുപദേശം സ്വീകരിച്ച് വചനത്തിൽ നിന്ന് വിട്ടു പോകുമെന്ന് പരിശുദ്ധാത്മാവ് തെളിവായി മുന്നറിയിച്ചിരുന്നു. (1 തിമൊഥെയൊസ് 4:1-3). ഇത് ഇന്നു സംഭവിച്ചുകൊണ്ടാണിരിക്കുന്നത്; അത് ദൈവം ഇഷ്ടപ്പെടുന്നില്ല എന്നോർക്കണം.

## കലാലയങ്ങളിൽ പാർലമെന്ററി തിരഞ്ഞെടുപ്പ് രീതിയാവാം

കേരളത്തിലെ മുതിർന്ന നേതാക്കൾ രാഷ്ട്രീയത്തിനു വളക്കൂറുള്ള മണ്ണു കണ്ടെത്തുന്നതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണെന്നു ഹൈക്കോടതി. സംസ്ഥാനത്തു ക്യാംപസ് അതിക്രമങ്ങളും കൊല്ലും കൊലയും ദൈനംദിന സംഭവങ്ങളാകുന്നതിൽ കോടതി ആശങ്ക പ്രകടിപ്പിച്ചു. ചങ്ങനാശേരിയിൽ കൊല്ല പ്പെട്ട എഎസ്ഐ ക്യാംപസ് അതിക്രമത്തിന്റെ ഏറ്റവുമൊടു വിലത്തെ ഇരയാണ്. കേരള, കാലിക്കറ്റ് സർവകലാശാലകളിൽ നടക്കാനിരിക്കുന്ന പൊതു തിരഞ്ഞെടുപ്പിൽ വിദ്യാർഥികൾ ക്ലാസ് പ്രതിനിധികളെയും ക്ലാസ് പ്രതിനിധികൾ യൂണിയൻ ഭാരവാഹി കളെയും തിരഞ്ഞെടുക്കുന്ന പാർലമെന്ററി രീതി നടപ്പാക്കേണ്ട താണെന്നു കോടതി പ്രഥമദൃഷ്ട്യാ അഭിപ്രായപ്പെട്ടു.

✱

## അപകടങ്ങൾ 43,000; മരണം ആയിരങ്ങൾ

അശ്രദ്ധയും അജ്ഞതയും കൊണ്ട് ഒരുദിവസം ജില്ലയിൽ വിവിധ അപകടങ്ങളിൽ ഒൻപതു ജീവൻ പൊലിഞ്ഞതോടെ, വാഹനാപകടങ്ങൾ പെരുകുന്നതായി വ്യക്ത മാവുന്നു. 2006ൽ 42,000 അപകടങ്ങൾ സംസ്ഥാനത്തൊട്ടാകെ നടന്നപ്പോൾ ഈ വർഷം ഇതേവരെ 43,000 അപകടങ്ങളായി വർധിച്ചുകഴിഞ്ഞു.

കഴിഞ്ഞവർഷം 3150 ജീവൻ പൊലിഞ്ഞെങ്കിൽ ഈ വർഷം ഇതിൽ കൂടുതലാകുമെന്ന് നാറ്റ്പാക് അധികൃതർ വ്യക്തമാക്കുന്നു. അപകടത്തിൽ ചെറുപ്പക്കാർ മരിക്കുന്നതും പതിവാകുന്നു. മരിക്കുന്നവരുടെ ശരാശരി പ്രായം 45 ആയിരുന്നത് ഇപ്പോൾ 38 ആയി കുറഞ്ഞെന്ന് നാറ്റ്പാക് പഠനം വ്യക്തമാക്കുന്നു.

✱

## വാഹന പരിശോധന കർശനമാക്കി

നഗരത്തിൽ വർധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി സിറ്റി ട്രാഫിക് പോലീസ് നഗരത്തിൽ വാഹന പരിശോധന കർശനമാക്കി. സീറ്റ് ബെൽറ്റ്

